**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1862** **08-10-2021 - ൽ മറുപടിയ്ക്ക്**

**സമഗ്ര കന്നുകാലി ഇൻഷ്വറൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതിയിൽ ഓൺലൈനായി ചേരുന്നതിന് സാഹചര്യം സൃഷ്ടിച്ചിട്ടുണ്ടോ; ആയതിന് ക്ഷീരകർഷകരെ പ്രാപ്തരാക്കുന്നതിനായി സാങ്കേതിക സഹായങ്ങൾ ഉൾപ്പെടെ എന്തൊക്കെ സേവനങ്ങളാണ് വകുപ്പ നൽകുന്നതെന്ന് വിശദാംശം നൽകുമോ? | (എ) | 2017-18 വർഷം മുതൽ മൃഗസംരക്ഷണ വകുപ്പ് ഓൺലൈനായാണ് ഇൻഷ്വറൻസ് അപേക്ഷകൾ സ്വീകരിക്കുന്നത്. ആയതിന് മൃഗസംരക്ഷണ വകുപ്പ് നൽകുന്ന സേവനങ്ങൾ താഴെപ്പറയും പ്രകാരമാണ്. ഓരോ വർഷ പദ്ധതിക്കും താത്പര്യപത്രം ക്ഷണിച്ച് ഏറ്റവും കുറഞ്ഞ പ്രീമിയം നിരക്ക് ക്വോട്ട് ചെയ്യുന്ന പൊതുമേഖല ഇൻഷ്വറൻസ് കമ്പനി മുഖേനയാണ് വകുപ്പ് പദ്ധതി നടപ്പിലാക്കുന്നത്. ജനറൽ വിഭാഗത്തിലുള്ള ഒരു കർഷകൻ അടക്കേണ്ട പ്രീമിയം തുകയുടെ 50% സർക്കാർ സബ്സിഡിയായി ഈ പദ്ധതിയിൽ നൽകി വരുന്നു. എസ്.സി/എസ്.റ്റി വിഭാഗത്തിലുള്ള ഒരു കർഷകൻ അടക്കേണ്ട പ്രീമിയം തുകയുടെ 70% സർക്കാർ സബ്സിഡിയായി ഈ പദ്ധതിയിൽ നൽകി വരുന്നു. കർഷകൻ മൃഗാശുപത്രിയുമായി ബന്ധപ്പെട്ടാൽ മൃഗാശുപത്രിയിലെ വെറ്ററിനറി സർജൻ ഉരുവിനെ പരിശോധിച്ച്, കാതിൽ തിരിച്ചറിയൽ രേഖയായി കമ്മൽ അടിച്ച്, അതിന്റെ ഫോട്ടോ എടുത്ത്, പ്രീമിയം തുക ബാങ്കിൽ അടച്ച് അതിന്റെ റഫറൻസ് നമ്പർ എന്നിവ എന്റർ ചെയ്ത് അപേക്ഷ ഓൺലൈനായി സമർപ്പിക്കുന്നു. കർഷകർക്ക് അവരുടെ ഉരുവിനെ ഇൻഷ്വർ ചെയ്യുവാനുള്ള പ്രീമിയം തുക ഓൺലൈനായി കർഷകരുടെ തന്നെ അക്കൗണ്ടിൽ നിന്നും അടക്കുവാനുള്ള സൗകര്യം ഉണ്ട്. ആയത് പ്രയോജനപ്പെടുത്തുന്ന കർഷകർ നിലവിലുണ്ട്. ഇൻഷ്വർ ചെയ്ത ഉരുവിന് മരണം സംഭവിക്കുന്നതും ഓൺലൈനായാണ് കമ്പനിയെ അറിയിക്കുന്നത്. ഇൻഷ്വർ ചെയ്ത ഉരുവിന്റെ കാതിലെ കമ്മൽ നഷ്ടപ്പെട്ടാൽ ഉടനടി കമ്മൽ മാറ്റി പോളിസി പുതുക്കുന്നതും ഓൺലൈനായാണ് . ഇൻഷ്വർ ചെയ്തിട്ടുള്ള ഉരുവിനെ മറ്റൊരാൾക്ക് വിറ്റാൽ പുതിയ ഉടമയുടെ പേരിലേക്ക് പോളിസി കൈമാറ്റം ചെയ്യുന്നതിനും ഓൺലൈൻ സൗകര്യം വകുപ്പ് |

| | | | |
|---|---|---|---|
| | | | ഏർപ്പെടുത്തിയിട്ടുണ്ട്. അനുവദിക്കുന്ന ക്ലെയിമുകൾ നേരിട്ട് കർഷകന്റെ ബാങ്ക് അക്കൗണ്ടിലേക്കാണ് നൽകി വരുന്നത്. കൂടാതെ ഉരുവിന്റെ ഉടമയായ കർഷകന് 1 വർഷത്തേക്ക് 50 രൂപ, 3 വർഷത്തേക്ക് 150 രൂപ എന്ന നിലയിൽ പ്രീമിയം അടച്ചാൽ 5 ലക്ഷം രൂപയുടെ അപകട മരണ ഇൻഷ്വറൻസ് പരിരക്ഷയും വകുപ്പ് നൽകി വരുന്നു. ₹ 65,000 രൂപ മതിപ്പുവിലയുള്ള ഉരുവിനെ ഒരു വർഷത്തേക്ക് ഇൻഷ്വർ ചെയ്യുവാൻ 635 രൂപയും മൂന്ന് വർഷത്തേക്ക് ഇൻഷ്വർ ചെയ്യുവാൻ 1577 രൂപയും മാത്രമേ കർഷകൻ അടക്കേണ്ടതുള്ളൂ. മൃഗസംരക്ഷണ വകുപ്പിന്റെ ഇൻഷ്വറൻസ് പദ്ധതിയുടെ പ്രീമിയം നിരക്ക് വളരെ തുച്ഛമായതിനാലും, ഓൺലൈനായി മൃഗാശുപത്രി മുഖേന നടപ്പിലാക്കുന്നതിനാലും ഇതൊരു കർഷക സൗഹൃദ പദ്ധതിയാണ്. |

സെക്ഷൻ ഓഫീസർ